# കേരള സർവകലാശാല

നം. പി.ആർ.021/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.എ പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഫെബ്രുവരി 29-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (2014-16 ബാച്ച്) പരീക്ഷയ്ക്ക് കോട്ടയം എം.സി വർഗ്ഗീസ് കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവർ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. കണ്ണൂർ, പാലക്കാട് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രങ്ങളായി ആവശ്യപ്പെട്ടവർ ഇരിങ്ങാലക്കുട നമ്പൂതിരീസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. തിരുവനന്തപുരം പാളയം എസ്.ഡി.ഇ, കൊല്ലം മുളങ്കാടകം യു.ഐ.ടി, ആലപ്പുഴ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ്, തൃശ്ശൂർ ഇരിങ്ങാലക്കുട നമ്പൂതിരീസ് കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രങ്ങളായിരിക്കും.

### ബി.പി.എ മൃദംഗം പ്രാക്ടിക്കൽ

കേരള സർവകലാശാല 2015 ഡിസംബർ/2016 ജനുവരിയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ഒന്ന്, മൂന്ന് സെമസ്റ്റർ ബി.പി.എ മൃദംഗം പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് ഒന്ന് മുതൽ മൂന്ന് വരെ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ ജേർണലിസം ഫലം

കേരള സർവകലാശാല 2015 ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എ ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് വീഡിയോ പ്രൊഡക്ഷൻ (129 - 2013 & 2014 അഡ്മിഷൻ, സപ്ലിമെന്ററി മാത്രം - 2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

### യു.ഐ.ടി സെമസ്റ്റർ ഫീസ്

കേരള സർവകലാശാലയുടെ വിവിധ യു.ഐ.ടി കേന്ദ്രങ്ങളിലെ രണ്ടാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് (സെമസ്റ്റർ ഫീസ് 18,000/- രൂപ), രണ്ടാം സെമസ്റ്റർ എം.കോം ഫിനാൻസ് (സെമസ്റ്റർ ഫീസ് 15,000/-) എന്നീ കോഴ്സുകൾക്ക് സെമസ്റ്റർ ഫീസ് പിഴകൂടാതെ മാർച്ച് മൂന്ന് (50 രൂപ പിഴയോടെ മാർച്ച് ഒമ്പത്, 250 രൂപ പിഴയോടെ മാർച്ച് 14) വരെ അടയ്ക്കാം.

### ബി.ടെക് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് 2010 - റഗുലർ & സപ്ലിമെന്ററി - 2008 സ്കീം), ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം -

റീസ്ട്രക്ച്ചേർഡ് 2010 – ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി – 2008 സ്കീം) (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് & എൻജിനീയറിംഗ് ബ്രാഞ്ച്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 28 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## ഇൻഡക്ഷൻ പ്രോഗ്രാം

കേരളത്തിലെ വിവിധ സർവകലാശാലകളുടെ പരിധിയിൽ വരുന്ന സർവകലാശാല/കോളേജ് അദ്ധ്യാപകർക്കുവേണ്ടി ഹ്രസ്വകാല ഇൻഡക്ഷൻ പ്രോഗ്രാം മാർച്ച് 28 മുതൽ 31 വരെ കാര്യവട്ടം യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററിൽ പരിശീലന പരിപാടി നടത്തും. രണ്ട് വർഷത്തിൽ താഴെ അദ്ധ്യാപനപരിചയമുള്ള സർവകലാശാല കോളേജ് അദ്ധ്യാപകർക്ക് മാത്രം അപേക്ഷിക്കാം. അപേക്ഷ ഫോറം യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷകൾ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടുകൂടി ദി ഡയറക്ടർ, യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, കേരള സർവകലാശാല കാര്യവട്ടം 695 581 എന്ന വിലാസത്തിൽ മാർച്ച് 10–നകം അയയ്ക്കണം.

## ദേശീയ സെമിനാർ

കേരള സർവകലാശാല കാര്യവട്ടം സുവോളജി പഠനവകുപ്പ് 'റീസന്റ് ചലഞ്ചസ് ഇൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ' എന്ന വിഷയത്തിൽ മാർച്ച് 22, 23 തീയതികളിൽ ദേശീയ സെമിനാർ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും.

(ഒപ്പ്)
ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
26.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ